പദ്ധതിയുമായി പരിചയപ്പെടുക—VI

പുരോഗതിക്ക് ചില പദ്ധതികൾ



പബ്ലിക്കേഷൻസ് ഡിവിഷൻ

1962 March

1883 Magh

1962 മാർച്ച്

1883 മാഘം

PROJECTS FOR PLENTY
(MALAYALAM)

PUBLISHED BY THE DIRECTOR, PUBLICATIONS DIVISION, OLD SECRETARIAT, DELHI-6 AND PRINTED AT THE MATHRUBHUMI PRESS, CALICUT.

1

നമ്മുടെ നദികൾ

പ്രകൃതിയുടെ വൈചിത്ര്യവും വൈവിധ്യവും പ്രതിഫലിപ്പിക്കുന്ന ഒരു പ്രദർശനശാലയാണ് നമ്മുടെ രാജ്യം. മലകളും കാടുകളും താഴ്വരകളും വയലുകളും ജലാശയങ്ങളും സൗന്ദര്യത്തിൻെറ മാത്രമല്ല സമ്പത്തിൻേറയും നിക്ഷേപങ്ങളാണ്. വിലപ്പെട്ട അനേകം ധാതുവിഭവങ്ങൾ നമ്മുടെ മണ്ണിൽ മറഞ്ഞുകിടപ്പുണ്ട്. ഈ നാടിൻെറ വിഭവശേഷികളുടെ കൂട്ടത്തിൽ അതിപ്രധാനമായ ഒരു സ്ഥാനമുണ്ട് നമ്മുടെ നദികൾക്ക്.

പൗരാണികകാലം മുതൽതന്നെ നമ്മുടെ സമ്പത്തിനേയും സംസ്കാരത്തേയും വളർത്തിക്കൊണ്ടു വരുന്നതിൽ നദികൾ ഗണ്യമായ ഒരു പങ്കു വഹിച്ചിട്ടുണ്ട്. സത്‌ലജ്, ഗംഗാ, യമുന, ഗണ്ഡക്, ബ്രഹ്മപുത്രാ എന്നിവ ഉത്തരേന്ത്യയിലെ നദികളാണ്. മദ്ധ്യഭാരതത്തിൽ വിന്ധ്യപർവ്വതത്തിൽനിന്നും നർമ്മദയും സത്പുരയിൽനിന്ന് തപ്തിയും ഉത്ഭവിക്കുന്നു. കൃഷ്ണാ, കാവേരി, ഗോദാവരി തുടങ്ങിയ നദികൾ ദക്ഷിണേന്ത്യയുടെ ജീവനാഡികളാണ്. ഇപ്പറഞ്ഞ വലിയ നദികൾക്കു പുറമെ അനേകായിരം ചെറിയ നദികളും നമ്മുടെ രാജ്യത്തെ അനുഗ്രഹിക്കുന്നുണ്ട്. നദികളെ മാതാവിനെപോലെ ആരാധിക്കുന്ന സംസ്കാരമാണ് നമുക്കുള്ളതു്. നമ്മുടെ ഐശ്വര്യത്തിൻെറ അടിസ്ഥാനം നദികളാണെന്നുള്ളതാണ് ഈ മനോഭാവത്തിനു കാരണം. ഇന്ത്യയെന്ന പേരുതന്നെ സിന്ധു-ഇൻഡസ്-നദിയുമായി ബന്ധപ്പെട്ടതാണ്. നമ്മുടെ പല നഗരങ്ങളും നദീതടപ്രദേശങ്ങളിലാണ് വളർന്നതു്. വ്യവസായവാണിജ്യകേന്ദ്രങ്ങൾ നദീതടങ്ങളിലായിരുന്നു. മിക്ക നദികളും പുണ്യതീർത്ഥങ്ങളായും ഗണിക്കപ്പെട്ടുപോന്നു. നമ്മുടെ ജീവിതരീതിയും ചരിത്രവും രൂപീകരിക്കുന്നതിൽ നദികൾ സുപ്രധാനമായൊരു പങ്കു വഹിച്ചിരുന്നു.

ഇന്നു് പുരോഗതിക്കുവേണ്ടി വീണ്ടും നാം നദികളെ ആശ്രയിക്കുകയാണു്. അവയുടെ ഔദാര്യപ്രവാഹമെന്ന പോലെ, ദാഹിക്കുന്ന നിലങ്ങളിലേക്കു് വെള്ളം ഒഴുകിച്ചെല്ലുന്നു. അവയുടെ മന്ദഹാസമെന്നപോലെ വിദ്യുച്ഛക്തിയുല്പാദനകേന്ദ്രങ്ങൾ പ്രകാശം പരത്തുന്നു. നദികളിൽ അണകെട്ടി വെള്ളം തടഞ്ഞു നിർത്തുന്നതുമൂലമാണു് ഈ ജലസേചന പരിപാടികളും വിദ്യുച്ഛക്തിപരിപാടികളും സാധ്യമാകുന്നതു്.

ലോകത്തിലെ ഏററവും വലിയ നദീതടപദ്ധതികളിൽ ചിലതാണു് ഇപ്പോൾ നമ്മുടെ നാട്ടിൽ നടപ്പാക്കിയിട്ടുള്ളവ. ഭക്രാനംഗൽ, ഹിറാക്കുഡു്, തുംഗഭദ്ര, ചംബൽ, കോശി, റിഹണ്ടു് തുടങ്ങിയവ ഇത്തരം ചില പദ്ധതികളാണു്. അനേകകോടി രൂപാ ഈ ഓരോ പദ്ധതിക്കുവേണ്ടി ചിലവാക്കിയിട്ടുണ്ടു്. ഭക്രാനംഗലിനുമാത്രം 170കോടി രൂപാ ചിലവു വരും, അതു പൂർത്തിയാകുമ്പോൾ.

സമൃദ്ധമായ ഒരു പുതുജീവിതം കെട്ടിപ്പടുക്കാനുള്ള നമ്മുടെ അഭിലാഷത്തിൻെറ പ്രതീകങ്ങളാണു് ഈ പദ്ധതികൾ. ഭാവി ക്ഷേമത്തിൻെറ അടിത്തറ പാകുവാൻവേണ്ടി അനേകലക്ഷമാളുകൾ ഇവയുടെ നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്നു.

2

ജലസേചനം ജനസേവനം

സ്വാതന്ത്ര്യം ലഭിച്ചകാലത്തു് അതിപ്രധാനങ്ങളായ പല പ്രശ്നങ്ങളും നമ്മെ അഭിമുഖീകരിച്ചിരുന്നു. ഭക്ഷ്യപ്രശ്നമായിരുന്നു അവയിൽ ഏററവും അടിയന്തിരം. ജനസംഖ്യ അതിശീഘ്രം വർദ്ധിച്ചെങ്കിലും ഭക്ഷ്യോല്പാദനത്തിൽ അഭിവൃദ്ധിയുണ്ടായില്ല. രണ്ടാം ലോകമഹായുദ്ധകാലത്തുതന്നെ ഭക്ഷ്യക്ഷാമം നമ്മെ അലട്ടിയിരുന്നു. ബംഗാളിൽ 30ലക്ഷം പേരുടെ മരണത്തിനിടയാക്കിയ ഭയങ്കരമായ ക്ഷാമത്തെപ്പററി നിങ്ങൾ കേട്ടിരിക്കും.

തുടൎന്നു ഇന്ത്യാവിഭജനമുണ്ടായി. അതും ഭക്ഷ്യപ്രശ്നത്തെ കൂടുതൽ രൂക്ഷമാക്കുകയാണുണ്ടായതു്. പശ്ചിമപഞ്ചാബു് സിന്ധു്, ആസാമിലെ സിൽഹെററു് എന്നിവ പാക്കിസ്ഥാന്റെ ഭാഗങ്ങളായി. പത്തുലക്ഷംടൺ ധാന്യങ്ങൾ ഉല്പാദിപ്പിച്ചിരുന്ന സ്ഥലമാണു് ഇങ്ങനെ ഭാരതത്തിന്നു നഷ്ടപ്പെട്ടതു്. ഭക്ഷ്യപ്രശ്നത്തിന്നു അടിയന്തിരമായ പരിഹാരം കാണാതെ മുന്നോട്ടുപോവുക സാദ്ധ്യമല്ലെന്നുവന്നു.

കൃഷിചെയ്യുന്ന സ്ഥലത്തുനിന്നു് ഉല്പാദനം വൎദ്ധിപ്പിക്കുകയും കൂടുതൽ സ്ഥലത്തു് കൃഷിയിറക്കുകയുമായിരുന്നു പരിഹാരമാൎഗ്ഗം.

അതു് ക്ഷിപ്രസാധ്യമായിരുന്നില്ല. കൃഷി അഭിവൃദ്ധിപ്പെടുത്തണമെങ്കിൽ ആദ്യമായി വേണ്ടതു് മഴയെ ആശ്രയിക്കാതെ ജലസേചനം നടത്താനുള്ള സൗകര്യമാണു്. ആസാം തുടങ്ങിയ ചില സ്ഥലങ്ങളിൽ പ്രതിവർഷം 400 ഇഞ്ചുവരെ മഴയുണ്ടു്. രാജസ്ഥാൻ തുടങ്ങിയ പ്രദേശങ്ങളിലാകട്ടെ പേരിനുപോലും മഴയില്ല. മഴയുള്ള സ്ഥലങ്ങളിൽ തന്നെ ചിലപ്പോൾ വേണ്ട സമയത്തു മഴയുണ്ടായില്ലെന്നുവരും. ചിലപ്പോൾ മഴ കൂടിയെന്നുവരും. സ്വാതന്ത്ര്യലബ്ധിക്കുമുമ്പു് ചില സ്ഥലങ്ങളിൽ അണകെട്ടിയും തോടുവെട്ടിയും മററും ജലസേചനസൌകര്യങ്ങളുണ്ടാക്കിയിരുന്നെങ്കിലും ആകെ കൃഷിചെയ്തിരുന്ന സ്ഥലത്തിന്റെ 17 ശതമാനത്തിന്നു മാത്രമേ 1951വരെ ഈ സൗകര്യങ്ങൾ ലഭിച്ചിരുന്നുള്ളു. 83 ശതമാനം അനിശ്ചിതമായ മഴയെ ആശ്രയിച്ചുകഴിഞ്ഞു.

ജലസേചനസൌകര്യമില്ലാതിരുന്നതുകൊണ്ടു്, രണ്ടും മൂന്നും തവണ കൃഷിചെയ്യാവുന്ന സ്ഥലങ്ങളിൽപോലും ഒരു തവണയേ കൃഷിചെയ്യുവാൻ സാധിച്ചിരുന്നുള്ളു. ഭൂമിയിൽ നിന്നുള്ള ഉല്പാദനസാധ്യത മാത്രമല്ല ആളുകളുടെ അധ്വാനശേഷിയും അങ്ങിനെ ദുരുപയോഗപ്പെട്ടുപോയിരുന്നു.

1951-ൽ ആരംഭിച്ച ഒന്നാം പഞ്ചവത്സരപദ്ധതിയിൽ നദീതടപദ്ധതികൾക്കു് പരമപ്രാധാന്യം നല്കിയതു് മുൻ പറഞ്ഞ കാരണങ്ങൾകൊണ്ടാണു്. രണ്ടാം പദ്ധതിയിലും മൂന്നാം പദ്ധതിയിലും ജലസേചനപദ്ധതികൾക്കു് പ്രാ

ധാന്യം നല്കിയിട്ടുണ്ട്. ജലസേചനത്തിനും വെള്ളപ്പൊക്കം തടയുന്നതിനും പ്രയോജനപ്പെടുന്നതിനു പുറമേ വിദ്യുച്ഛക്തി യുല്പാദനത്തിനും ഈ നദീതടപദ്ധതികൾ ഉപകരിക്കുന്നു. സാമ്പത്തികവികസനത്തിൽ വിദ്യുച്ഛക്തിയ്ക്കുള്ള പങ്കു വലു താണ്. വിദ്യുച്ഛക്തിയുല്പാദനനിരക്ക് ഒരു രാജ്യത്തെ സാമ്പത്തികപുരോഗതിയിൽ നിർണ്ണായകഘടകംതന്നെയാ ണ്. ചെറുകിട വ്യവസായത്തിനായാലും വൻകിട വ്യവ സായത്തിനായാലും വിദ്യുച്ഛക്തി കൂടിയേ കഴിയൂ. കൃഷിപ്ര വർത്തനങ്ങൾക്കും വിദ്യുച്ഛക്തി ആവശ്യമാണ്. പാടങ്ങ ളിൽ വെള്ളം വററിക്കാനും വെള്ളം കയററാനും കുഴൽക്കി ണറുമുഖേനയുള്ള ജലസേചനത്തിനുമെല്ലാം വിദ്യുച്ഛക്തി കൂടാതെ കഴിയില്ലല്ലൊ.

ജലസേചനത്തിനും വിദ്യുച്ഛക്തിയുല്പാദനത്തിനും പു റമേ ഗതാഗതവികസനത്തിനും നാം നദികളെ ആശ്രയി ക്കുന്നു. ഗതാഗതസമ്പ്രദായങ്ങളിൽ ജലഗതാഗതമാണ് ഏററവും ചിലവുകുറഞ്ഞതു്. റയിൽവേകളുടെ തിരക്കും ഭാരവും കുറയ്ക്കാനും ജലഗതാഗതം സഹായിക്കും. അപരി മിതമായ സാധ്യതകൾ ഉണ്ടായിരുന്നിട്ടും ഈ ഉപാധി വേണ്ടവിധം വികസിപ്പിച്ചു പ്രയോജനപ്പെടുത്താൻ ഈ അടു ത്തകാലംവരെ നമുക്കു കഴിഞ്ഞിരുന്നില്ല.

മുൻപറഞ്ഞ വിവിധാവശ്യങ്ങൾക്കുവേണ്ടി കഴിഞ്ഞ ഒരു ദശാബ്ദക്കാലത്തു വെള്ളം എത്രകണ്ടു പ്രയോജനപ്പെടു ത്താൻ നമുക്കു സാധിച്ചുവെന്നു പരിശോധിച്ചുനോക്കാം.

3

ജലസേചനപദ്ധതികൾ

ജലസേചനം തൊട്ടുതുടങ്ങുക. ജലസേചനപരിപാടി കൾ മൂന്നുവിധത്തിലുണ്ട്. ഒന്ന് ചെറുകിട പരിപാടികൾ; രണ്ട് ഇടത്തരം പരിപാടികൾ; മൂന്ന് അനേകകോടി രൂപാ ചിലവുവരുന്ന വലിയ പരിപാടികൾ. രണ്ടാമ ത്തേയും മൂന്നാമത്തേയും ഇനത്തിൽ പെടുന്ന പരിപാടി

കൾക്ക് വൻകിട ജലസേചന പദ്ധതികളെന്നു പൊതുവെ പറയാറുണ്ട്.

കിണർ, കുളം, പമ്പ്, കുഴൽകിണർ, കൈത്തോടുകൾ ഇവയെല്ലാം ചെറുകിട പരിപാടികളുടെ കൂട്ടത്തിൽ പെടുന്നു. കഴിഞ്ഞ പത്തുവർഷക്കാലത്ത് നാട്ടിന്റെ നാനാ ഭാഗങ്ങളിലും കിണറുകളും കുളങ്ങളും നിർമ്മിയ്ക്കുന്നതും



പഴയവയുടെ അററകുററങ്ങൾ തീർക്കുന്നതും കുഴൽകിണറുകളും പമ്പുകളും സ്ഥാപിക്കുന്നതും നിങ്ങൾ കണ്ടിരിയ്ക്കും. ഒരു കുഴൽകിണർ മുഖേന 400 ഏക്കറോളം സ്ഥലത്തിനു ജലസേചനം നിർവ്വഹിക്കാൻ കഴിയുന്നു. വേനൽക്കാലത്ത് സാധാരണ കിണറുകൾ വററി വരണ്ടുപോകുമ്പോഴും കുഴൽകിണറുകളിൽനിന്ന് വെള്ളം ലഭിച്ചുകൊണ്ടിരിയ്ക്കും. 1951-ൽ 2500 കുഴൽകിണറുകളാണ് ഇന്ത്യയിലുണ്ടായിരുന്നത്. കഴിഞ്ഞ രണ്ടു പദ്ധതിക്കാലത്ത് 9000 കുഴൽകിണറുകൾ കൂടി പുതുതായുണ്ടാക്കി.

ചെറുകിട ജലസേചനപദ്ധതികൾക്ക് താരതമ്യേന പല സൗകര്യങ്ങളുമുണ്ട്. ഒന്നാമത് ചിലവുകുറവ്. വേഗത്തിൽ പണിതീർക്കാം. വൻകിട പരിപാടികൾ നടപ്പാക്കാൻ അഞ്ചോ പത്തോ അതിലധികമോ വർഷം വേണ്ടിവരും വിലകൂടിയ യന്ത്രസാമഗ്രികളോ സാങ്കേതിക വൈ

ദഗ്ദ്ധ്യം സിദ്ധിച്ചിട്ടുള്ള ഒട്ടധികമാളുകളുടെ സേവനമോ ആവശ്യമില്ല. ജനങ്ങളുടെ സ്വാധീനശക്തി പ്രയോജനപ്പെടുത്താൻ ചെറിയ പരിപാടികൾക്കാണ് കഴിവ്.

വൻകിട പരിപാടികൾക്ക് കഴിഞ്ഞ പത്തുവർഷക്കാലത്ത് 750കോടി രൂപാ ചിലവാക്കി. ഇതിൽനിന്നറിയാം എത്ര വമ്പിച്ച സംരംഭമാണതെന്ന്. എല്ലാ സംസ്ഥാനങ്ങളിലുമുണ്ട് ഒന്നിലധികം വൻകിട പരിപാടികൾ. ദാമോദർവാലി പശ്ചിമബംഗാളിനും ബീഹാറിനും പ്രയോജനപ്പെടുന്നു; പഞ്ചാബ്, ഡൽഹി, രാജസ്ഥാൻ എന്നീ പ്രദേശങ്ങൾക്കാണ് ഭക്രാനംഗൽകൊണ്ടുള്ള പ്രയോജനം. ഹിറാക്കഡ് ഒറീസ്സയുടേയും തുംഗഭദ്ര, മൈസൂർ, ആന്ധ്രാ സംസ്ഥാനങ്ങളുടേയും കോശി ബീഹാറിൻേറയും റിഹണ്ട് ഉത്തരപ്രദേശിൻേറയും മയൂരാക്ഷി ബീഹാർ പശ്ചിമബംഗാൾ സംസ്ഥാനങ്ങളുടെയും പുരോഗതിയെ സഹായിക്കുന്നു. ചംബൽ മധ്യപ്രദേശിനും രാജസ്ഥാനുമാണ് പ്രയോജനപ്പെടുന്നതു്; നാഗാർജ്ജുനസാഗർ ആന്ധ്രാപ്രദേശിനും. നമ്മുടെ അനേക നദീതടപദ്ധതികളിൽ ചിലതാണിവ.

ഈ നദീതടപദ്ധതികളെല്ലാം ഒന്നിലധികം സംസ്ഥാനങ്ങൾക്ക് പ്രയോജനപ്പെടുന്നവയാണെന്നു കണ്ടല്ലോ. നദികൾ ഇപ്പോൾ രണ്ടു സംസ്ഥാനങ്ങളേയോ രണ്ടു പ്രദേശങ്ങളേയോ തമ്മിൽ വേർതിരിക്കുകയല്ലാ കൂടുതൽ അടുപ്പിക്കുകയാണു ചെയ്യുന്നതു്. നമ്മുടെ ഐക്യത്തിൻെറ പ്രതീകങ്ങളാണ് ഈ പദ്ധതികളെന്നു പറഞ്ഞാൽ തെററില്ല.

വൻകിട പദ്ധതികളിൽ പലതും വിവിധോദ്ദേശ പദ്ധതികളാണെന്നു പറഞ്ഞല്ലോ. ജലസേചനം, വെള്ളപ്പൊക്കം നിയന്ത്രിക്കൽ, വിദ്യുച്ഛക്ത്യുല്പാദനം എന്നു തുടങ്ങി പല ലക്ഷ്യങ്ങളും ഒരേ പദ്ധതി കൊണ്ടുതന്നെ സാധിക്കുന്നു. വമ്പിച്ച മുതൽ മുടക്കും സാങ്കേതിക വൈദഗ്ദ്ധ്യവുംകൊണ്ടു മാത്രം നടപ്പിലാക്കാവുന്ന പദ്ധതികളാണിവയെല്ലാം. പാഞ്ഞൊഴുകുന്ന നദികളെ തടഞ്ഞുനിറുത്തി ചൊല്പടിക്കു നടത്തണമെങ്കിൽ വലിയ അണക്കെട്ടുകൾ നിർമ്മിക്കേണ്ടതുണ്ട്. അണക്കെട്ടിനു പിന്നിലുള്ള ഭാഗം വിസ്തൃതമായൊരു ജല



സംഭരണകേന്ദ്രമായി മാറുന്നു. അവിടെനിന്നു് വെള്ളം പല ഭാഗങ്ങളിലേക്കും കൊണ്ടുപോകാൻ വലിയ തോടുകളുണ്ടാക്കുന്നു. നദീപ്രവാഹത്തെ നിയന്ത്രിച്ചുനിറുത്തുന്നതുകൊണ്ടു വെള്ളപ്പൊക്കം തടുക്കാനും അണക്കെട്ടു പ്രയോജനപ്പെടും. ഇങ്ങിനെ തടഞ്ഞുനിറുത്തപ്പെടുന്ന ജലം വലിയ പൈപ്പുകളിലൂടെ പുറത്തേയ്ക്കു വിടുമ്പോൾ ജലപാതത്തിൻെറ ശക്തികൊണ്ടു വിദ്യുച്ഛക്തിയുല്പാദനയന്ത്രങ്ങൾ പ്രവത്തിക്കാൻ തുടങ്ങും. അങ്ങിനെ നിമ്മിക്കപ്പെടുന്ന വിദ്യുച്ഛക്തിയാണു് ഫാക്ടറികളിലും മില്ലുകളിലും പട്ടണങ്ങളിലും മററും എത്തിച്ചുകൊടുക്കുന്നതു്. അണക്കെട്ടുകൾകൊണ്ടുള്ള ബഹുമുഖങ്ങളായ പ്രയോജനങ്ങളാണിവ.

ഭക്രാ അണക്കെട്ടു് പൂത്തിയാകുമ്പോൾ 740അടി പൊക്കമുണ്ടായിരിക്കും. ലോകത്തിലെ ഏററവും പൊക്കംകൂടിയ അണക്കെട്ടുകളിൽ ഒന്നാണിതു്. ഭക്രാ ജലസേചന പദ്ധതിയിലെ തോടുകൾക്കു് ആകെ 3000 മൈൽ നീളം വരും. ദാമോദർവാലി പദ്ധതിയിലെ തോടുകളുടെ ആകെ നീളം 1550 മൈലാണു്. ലോകത്തിലെ ഏററവും നീളംകൂടിയ അണക്കെട്ടാണു് ഹിരാക്കുഡു്; ഒരററംമുതൽ മറേറ അററം വരെ 16മൈൽ നീളമുണ്ടു്. ഇങ്ങിനെ അതിഭീമമായ നി

ർമ്മാണസംരംഭങ്ങളാണ് ഓരോ നദീതട പദ്ധതിയും. അനേകായിരമാളുകൾ ഓരോ പദ്ധതിയിലും പ്രവൃത്തിയെടുക്കുന്നു. വെള്ളം കെട്ടിനിറുത്താൻവേണ്ടി ജലസംഭരണകേന്ദ്രങ്ങളുണ്ടാക്കുമ്പോൾ ഒട്ടധികം ഗ്രാമങ്ങൾതന്നെ വെള്ളത്തിനടിയിലാകും. അവിടെനിന്ന് ആളുകളെ ഒഴിച്ചുമാററി മററു സ്ഥലങ്ങളിൽ കുടിപാർപ്പിക്കേണ്ടതായി വരുന്നു. വെള്ളം കൊണ്ടുപോകാൻ തോടുകൾ വെട്ടുന്നതുപോലെ വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുന്ന പവ്വർഹൗസുകളിൽനിന്ന് വിദൂരസ്ഥലങ്ങളിലേയ്ക്ക് വിദ്യുച്ഛക്തി കൊണ്ടുപോകാൻ അനേകംനാഴിക ദൂരത്തിൽ ട്രാൻസ്മിഷൻ ലൈനുകളിടുന്നു.

ഈ അധ്വാനത്തിനും മുതൽ മുടക്കിനും അനുസരിച്ച പ്രയോജനം നദീതടപദ്ധതികളിൽനിന്നു നമുക്കു ലഭിക്കുന്നുണ്ട്. **1951**വരെ, ഉപയോഗപ്പെടാവുന്ന നദീജലത്തിന്റെ **17** ശതമാനമേ പ്രയോജനപ്പെടുത്തിയിരുന്നുള്ളു. രണ്ടാം പദ്ധതിയുടെ അവസാനത്തിൽ ഇതു് **27** ശതമാനമായി. കഴിഞ്ഞ പത്തുവർഷക്കാലത്തു **185**ലക്ഷം ഏക്കർ സ്ഥലത്തേക്കുകൂടി ജലസേചനം വ്യാപിയ്ക്കുകയുംചെയ്തു.

മൂന്നാം പദ്ധതിയിൽ **200**ലക്ഷം ഏക്കർ സ്ഥലത്തിനു കൂടി ജലസേചനം ലഭിയ്ക്കും. മൂന്നാം പദ്ധതിയിലെ ലക്ഷ്യം ആദ്യത്തെ രണ്ടു പദ്ധതിക്കാലത്തെ ആകെ നേട്ടത്തേക്കാൾ കൂടുതലാണ്. മൂന്നാം പദ്ധതിയുടെ അവസാനത്തിൽ, ഉപയോഗിക്കപ്പെടാവുന്ന നദീജലത്തിന്റെ **36**ശതമാനം പ്രയോജനപ്പെടുത്തിക്കഴിഞ്ഞിരിയ്ക്കും. വെള്ളം കെട്ടിക്കിടക്കുന്നതു തടയാനും മണ്ണൊലിപ്പു നിയന്ത്രിക്കാനുമുള്ള പരിപാടികൾക്കും മൂന്നാം പദ്ധതിയിൽ പ്രാധാന്യം നല്കിയിട്ടുണ്ടു്. കൂടുതൽ സ്ഥലത്തു കൃഷിചെയ്യാനും കൃഷിസ്ഥലത്തുനിന്നുള്ള ആദായം വർദ്ധിപ്പിക്കാനും ഈ നടപടികൾ പ്രയോജനപ്പെടും.

4

വിദ്യുച്ഛക്ത്യുല്പാദനം

മുൻപു പറഞ്ഞതുപോലെ സാമ്പത്തിക പുരോഗതിയിൽ വിദ്യുച്ഛക്തിയ്ക്കു് നിർണ്ണായകമായ പ്രധാന്യമുണ്ടു്. വിദ്യുച്ഛക്തിയുല്പാദനം വികസിക്കുന്നതോടെ വ്യവസായങ്ങളും അഭിവൃദ്ധിപ്പെടുന്നു. വ്യവസായാഭിവൃദ്ധി രാജ്യത്തെ കൂടുതൽ സമ്പന്നമാക്കുന്നു.

സ്വാതന്ത്ര്യം ലഭിച്ചകാലത്തു് ഇന്നാട്ടിലെ വിദ്യുച്ഛക്ത്യുല്പാദനം ആളോഹരി 13 കി. വാ. മണിക്കൂർ മാത്രമേ ഉണ്ടായിരുന്നുള്ളു. കഴിഞ്ഞ രണ്ടു പദ്ധതിക്കാലത്തെ പ്രവർത്തനങ്ങളുടെ ഫലമായി അതു് ആളോഹരി 41 യൂണിറ്റായി വർദ്ധിച്ചു. 1കി. വാ. മണിക്കൂറിൽനിന്നു കിട്ടുന്ന ശക്തി ഒരാളുടെ പത്തുമണിക്കൂർ നേരത്തെ അദ്ധ്വാനത്തിനു സമമാണു്. ഒരു വ്യവസായത്തിൽ 20 കി. വാ. മണിക്കൂർ വിദ്യുച്ഛക്തി ഉപയോഗിക്കുന്നുണ്ടെന്നു പറഞ്ഞാൽ 200 പേരുടെ ഒരു മണിക്കൂർ നേരത്തെ അദ്ധ്വാനത്തിനു തുല്യമായ പ്രവൃത്തി നടക്കുന്നുണ്ടെന്നർത്ഥം. ഒരു കി. വാ. മണിക്കൂർ വിദ്യുച്ഛക്തിക്കു് 3 നയാപൈസ മുതൽ 9 നയാപൈസാവരെയാണു് വില. വിദ്യുച്ഛക്തി ഉപയോഗിക്കുന്നതു് എത്ര ലാഭകരവും സൗകര്യപ്രദവുമാണെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ.

അപ്പോൾ കൂടുതൽ കൂടുതലായി വിദ്യുഛക്തി ഉപയോഗിക്കാൻ തുടങ്ങുന്നതോടെ മനുഷ്യപ്രയത്നത്തിന്റെ ആവശ്യം ഇല്ലാതാകുകയും തൊഴിലില്ലാത്തവരുടെ സംഖ്യ പെരുകുകയും ചെയ്യില്ലേ എന്നു ഭയപ്പെട്ടേക്കാം. അതുണ്ടാവുകയില്ല. മനുഷ്യപ്രയത്നംകൊണ്ടു് മതിയാകാത്ത രംഗങ്ങളിലാണു് സാധാരണയായി വിദ്യുഛക്തി ഉപയോഗിക്കുന്നതു്. ഭീമാകാരങ്ങളായ യന്ത്രങ്ങൾ പ്രവർത്തിപ്പിക്കാൻ കുറേ ജോലിക്കാരെ നിയമിച്ചാൽ പോരാ. അതുപോലെ ചില ചില്ലറ ജോലികൾ ഭംഗിയായി ചെയ്യാനും വിദ്യുഛക്തിയാണു് നന്നു്. വേഗതയും സൂക്ഷ്മതയും ആവശ്യമുള്ള പല രംഗങ്ങളിലും വിദ്യുഛക്തി ഉപയോഗിക്കുന്നതു് അതുകൊണ്ടാണു്.



ഉല്പാദിപ്പിക്കുന്ന വിദ്യുച്ഛക്തി പൂർണ്ണമായും പ്രയോജനപ്പെടുത്തണം. ഗ്രാമപ്രദേശങ്ങളിൽ ജലസേചനത്തിനെന്നപോലെതന്നെ ചെറുതരം വ്യവസായങ്ങൾക്കും വിദ്യുച്ഛക്തി ഉപയോഗിക്കാവുന്നതാണ്. ജലസേചനത്തിനുമാത്രമാണു പയോഗിക്കുന്നതെങ്കിൽ ചില മാസങ്ങളിൽ മാത്രം ധാരാളം വിദ്യുച്ഛക്തി ആവശ്യമായും മററു മാസങ്ങളിൽ തീരെ ആവശ്യമില്ലാതെയുംവരും. അപ്പോൾ ഗ്രാമങ്ങളിൽ വിദ്യുച്ഛക്തി വിതരണത്തിനുവേണ്ടിയുള്ള ഏർപ്പാടുകൾക്കു മുടക്കുന്ന തുക നഷ്ടമായി കലാശിക്കുകകൂടി ചെയ്യും. ഗ്രാമീണവ്യവസായങ്ങൾക്കും ചെറുകിടവ്യവസായങ്ങൾക്കും വിദ്യുച്ഛക്തി ഉപയോഗിക്കുന്നതു് കാര്യക്ഷമത വർദ്ധിപ്പിക്കാനും ഉല്പാദനം



അഭിവൃദ്ധിപ്പെടുത്താനും പ്രയോജനപ്പെടും. ഗ്രാമീണക്ക് ഒററയ്ക്കൊററയ്ക്കു് വലിയ തുക മുടക്കി വ്യവസായങ്ങൾ തുടങ്ങാൻ കഴിവില്ലെങ്കിലും സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിച്ചാൽ എത്രയോ വ്യവസായങ്ങൾ ഗ്രാമങ്ങളിൽ ആരംഭിക്കാൻ സാധിക്കും. അപ്പോൾമാത്രമേ വിദ്യുച്ഛക്തി പരമാവധി പ്രയോജനപ്പെടുത്താൻകഴിയൂ.

എണ്ണ, കല്ക്കരി, വെള്ളം എന്നിവയുടെ സഹായത്തോടെയാണു് വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുന്നതു്. സ്വാതന്ത്ര്യം ലഭിക്കുന്നതുവരെ നമ്മുടെ എണ്ണനിക്ഷേപങ്ങളെക്കുറിച്ചു് കാര്യമായ അന്വേഷണങ്ങൾ നടന്നിരുന്നില്ല. അതിൽ പിന്നീടാണു് എണ്ണഗവേഷണപദ്ധതികൾ സംഘടിതരൂപത്തിൽ നടപ്പാക്കാൻതുടങ്ങിയതു്. നമ്മുടെ ആവശ്യത്തിനുള്ള എണ്ണ മുഴുവൻ ഇവിടെത്തന്നെ ഉല്പാദിപ്പിക്കാൻ ഏതാനും വർഷങ്ങൾകൂടി വേണ്ടിവരും. കല്ക്കരിനിക്ഷേപം ഇന്ത്യയിൽ ധാരാളമുണ്ടെങ്കിലും അതു മിക്കവാറും ബീഹാർ—ബംഗാൾ പ്രദേശങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. അവിടെനിന്നു് രാജ്യത്തിന്റെ മററു ഭാഗങ്ങളിലേയ്ക്കു് കൽക്കരി കൊണ്ടുപോകുന്നതു് വളരെ ചിലവുവരുന്ന കാര്യമാണു്.

അതുകൊണ്ടു് കൽക്കരി ഉപയോഗിച്ചു് വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുകയെന്നതു് പല സ്ഥലങ്ങളിലും പ്രായോഗികമല്ല. എന്നാൽ എണ്ണയും കല്ക്കരിയുമൊന്നുമില്ലാതെതന്നെ ധാരാളം വിദ്യുച്ഛക്തി ഉല്പാദിപ്പിക്കാനുള്ള സാധ്യത പ്രകൃതി നമുക്കു നല്കിയിരിക്കുന്നു. രാജ്യത്തിന്റെ നാനാഭാഗങ്ങളിലും കാണുന്ന അനേകമനേകം നദികൾ ഏററവും പ്രധാനപ്പെട്ട വിദ്യുച്ഛക്തിയുല്പാദനോപാധികളാണ്.

ഒന്നും രണ്ടും പദ്ധതിക്കാലങ്ങളിൽ പല വിദ്യുച്ഛക്തിയുല്പാദനപരിപാടികളും പൂർത്തിയാക്കപ്പെട്ടു. ആകെയുള്ള വിദ്യുച്ഛക്തി ഉൽപാദനശേഷി 23 ലക്ഷം കിലോവാട്ട്സിൽനിന്നു് 57 ലക്ഷം കിലോവാട്ട്സായി വർദ്ധിച്ചു. പത്തുവർഷത്തിനുമുൻപു് ആളോഹരി 13 യൂണിററായിരുന്നതു് ഇപ്പോൾ 41 യൂണിററായിരിയ്ക്കുന്നു.

മൂന്നാം പദ്ധതിക്കാലത്തു് വിദ്യുച്ഛക്തിയുല്പാദനം ഇരട്ടിയിലധികമാക്കാനാണു് ലക്ഷ്യം—126.9 ലക്ഷം കി.വാട്ട്സ്. അതോടെ ആളോഹരി ഉപഭോഗനിരക്കു്, 1951-ൽ 13 യൂണിററായിരുന്നതു് 1966-ൽ 95 യൂണിററാകും. മൂന്നാം പദ്ധതിക്കാലത്തു് 66000 മൈൽ ട്രാൻസ്മിഷൻ ലൈൻ ഇടാനും തീരുമാനിച്ചിട്ടുണ്ടു്.

വ്യവസായങ്ങൾക്കും ജലസേചനത്തിനും വീടുകളും തെരുവുകളും വൈദ്യുതീകരിക്കുന്നതിനും മററുമാണു് നാം വിദ്യുച്ഛക്തി ഉപയോഗിക്കുന്നതു്. വിദ്യുച്ഛക്തി ചെറുകിടവ്യവസായവികസനത്തിനു് എത്രമാത്രം പ്രയോജനപ്പെടുത്താമെന്നുള്ളതിനു് ഏററവും നല്ല ഉദാഹരണമാണു് പഞ്ചാബു്. അനേകായിരം ചെറുകിടവ്യവസായങ്ങൾ പഞ്ചാബിലെ ഗ്രാമപ്രദേശങ്ങളിൽപോലും തഴച്ചുവളർന്നിരിക്കുന്നു. തടിയറക്കാനും നെല്ലുകുത്താനും ചക്കാട്ടാനും മററും വിദ്യുച്ഛക്തി ഉപയോഗിക്കുക സാധാരണമായിട്ടുണ്ടു്.

ഒരുപക്ഷേ നിങ്ങളുടെ ഗ്രാമത്തിൽ ഇനിയും വിദ്യുച്ഛക്തി എത്തിച്ചേർന്നിട്ടില്ലായിരിക്കാം. ഒരു കാര്യമോർമ്മിക്കണം. ഇന്ത്യയിൽ 5½ ലക്ഷം ഗ്രാമങ്ങളുണ്ടു്. ഒരു ഗ്രാമം വൈദ്യുതീകരിക്കുന്നതിനുള്ള ശരാശരി ചിലവു് ഏതാണ്ടു്

70000 രൂപായാണ്. അപ്പോൾ, ഇന്ത്യയിലെ എല്ലാ ഗ്രാമങ്ങളിലും വിദ്യുച്ഛക്തി എത്തിച്ചുകൊടുക്കണമെങ്കിൽ അതിന്റെ പ്രാരംഭച്ചിലവുതന്നെ 3500 കോടി രൂപായോളം വരും. അതുകൊണ്ട് എല്ലാ ഗ്രാമങ്ങളും ഒരുമിച്ചു വൈദ്യുതീകരിയ്ക്കുക എളുപ്പമല്ല. എങ്കിൽതന്നെയും ഈ രംഗത്തെ നേട്ടം തികച്ചും തൃപ്തികരമാണ്. 1951-ൽ 3687 പട്ടണങ്ങളിലും ഗ്രാമങ്ങളിലുമേ വിദ്യുച്ഛക്തി ലഭിച്ചിരുന്നുള്ളു. 1961-ൽ ഇതു് 23000 ആയി വർദ്ധിച്ചു. മൂന്നാം പദ്ധതിയുടെ അവസാനം അതു് 43000 ആയിത്തീരും.

5000-ൽ കവിഞ്ഞ ജനസംഖ്യയുള്ള എല്ലാ ഗ്രാമങ്ങളും പട്ടണങ്ങളും 1966-നു മുൻപായി വൈദ്യുതീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2000-നും 5000-നും മദ്ധ്യേ ജനസംഖ്യയുള്ള 50 ശതമാനം ഗ്രാമങ്ങൾക്ക് വിദ്യുച്ഛക്തി ലഭിക്കും.

5

വെള്ളപ്പൊക്കം നിയന്ത്രിക്കൽ

നദികളോളംതന്നെ പഴക്കമുള്ള ചരിത്രമുണ്ട് വെള്ളപ്പൊക്കത്തിനും. ഔദാര്യനിധികളും അതേ അവസരത്തിൽ അപകടകാരികളുമാണ് നദികൾ. ഇന്ത്യയിലെ പല നദികളും മഴക്കാലത്ത് ശാപമായിത്തീരാറുണ്ട്. ഒട്ടധികം ജീവനും ധനവും അവ അപഹരിക്കുന്നു. ബ്രഹ്മപുത്ര ഇതിനൊരുദാഹരണമാണ്. ദാമോദർ, കോശി, മുതലായ നദികളും ആണ്ടോടാണ്ട് വരുത്തിവച്ചിരുന്ന നാശനഷ്ടങ്ങൾക്കു കണക്കില്ല. കോശിനദിയിൽ 24 മണിക്കൂറിനുള്ളിൽ 30 അടി

വരെ വെള്ളം പൊങ്ങാറുണ്ട്. മഹാനദി ഒറീസ്സയ്ക്കും തപ്തി ഗുജറാത്തിനും ഝലം കാഷ്മീറിനും ഒട്ടധികം നാശനഷ്ടങ്ങൾ വരുത്തിയിരുന്നു. ഗംഗയും യമുനയും ഗോദാവരിയും

ക്കൃഷ്ടയുമെല്ലാം എല്ലാ വർഷവും നാശകാരികളായി മാറാറുണ്ട്.

നദികളെ മെരുക്കിയെടുക്കാനുള്ള സംരംഭങ്ങൾ നൂററാണ്ടുകാലങ്ങൾക്കു മുൻപുതന്നെ ഇന്ത്യയിൽ നടന്നിരുന്നു. ബ്രിട്ടീഷുഭരണകാലത്തും ചില നദീബന്ധനപരിപാടികൾ നടപ്പാക്കാതിരുന്നില്ല. അതെല്ലാം ഒററപ്പെട്ട ചില സംരംഭങ്ങളായിരുന്നതല്ലാതെ ഭീമമായ ഈ പ്രശ്നം പരിഹരിക്കാനുള്ള സംഘടിതസംരംഭങ്ങളായിരുന്നില്ല. വമ്പിച്ച ചിലവു ഭയന്ന് വൻതോതിലുള്ള വെള്ളപ്പൊക്കനിയന്ത്രണപരിപാടികൾ നടപ്പാക്കാൻ അവർ മടിയ്ക്കുകയാണുണ്ടായതു്. മാനുഷികപ്രശ്നവും സാമ്പത്തികപ്രശ്നവുമുള്ളടങ്ങിയ ഇക്കാര്യത്തിൽ സ്വാതന്ത്ര്യഭാരതം അടിയന്തിരമായ ശ്രദ്ധപതിപ്പിച്ചു. വെള്ളപ്പൊക്കം തടയാനുള്ള പരിപാടികൾ രാജ്യവ്യാപകമായതോതിൽ നടപ്പാക്കാൻ തീരുമാനിച്ചു.

വെള്ളപ്പൊക്കം പൂർണ്ണമായി നിരോധിക്കുക സാധ്യമല്ല. മഴ അധികമാകുമ്പോൾ വെള്ളപ്പൊക്കമുണ്ടാവും. അതിവൃഷ്ടിയും അനാവൃഷ്ടിയും മാററിനിർത്താൻ നമുക്കു കഴിവില്ലല്ലോ. വെള്ളപ്പൊക്കത്തിന്റെ കാഠിന്യവും അനന്തരഫലങ്ങളും കുറവുചെയ്യാനേ നമുക്കു സാധിക്കൂ. അക്കാര്യത്തിൽ നാം വളരെയധികം വിജയിച്ചിട്ടുണ്ട്.

ഇതേവരെയായി, 60 ലക്ഷം ഏക്കർ സ്ഥലത്തിനു് രക്ഷനൽകാനുതകുന്നവിധം വിവിധസംസ്ഥാനങ്ങളിൽ 2800 മൈൽ ദൂരത്തിൽ നദിക്കര കെട്ടിപ്പൊക്കിയിരിക്കുന്നു. ഒഴുക്കുമൂലമുള്ള മണ്ണുനീക്കത്തിൽനിന്നു 46 പട്ടണങ്ങളെ രക്ഷിച്ചു; 4200 ഗ്രാമങ്ങളിൽ മണ്ണും കല്ലുമിട്ടു് തറനിരപ്പ് ഉയർത്തി. മഹാനദിയിലെ ഹിരാക്കുഡ് അണക്കെട്ട്, സത്‌ലജിലെ ഭക്രാ അണക്കെട്ട്, ദാമോദർ അണക്കെട്ട്, റിഹണ്ട് തുടങ്ങിയവ വെള്ളപ്പൊക്കം നിയന്ത്രിക്കാനുള്ള വമ്പിച്ച സംരംഭങ്ങളിൽ ചിലതാണ്. പല നദികളെയും ഇതിനകം മെരുക്കിക്കഴിഞ്ഞു, പലതിന്റേറയും പണി നടന്നുകൊണ്ടിരിക്കുന്നു. എല്ലാം പൂർത്തിയാകുമ്പോൾ വെള്ളപ്പൊക്കംമൂലമുള്ള അപകടങ്ങൾ 50 ശതമാനം കുറഞ്ഞുകിട്ടും.

നിലങ്ങളിൽ വെള്ളം കെട്ടിനില്ക്കുന്നതുമൂലമുണ്ടാകുന്ന നാശനഷ്ടങ്ങളും ചെറുതല്ല. പഞ്ചാബു തുടങ്ങിയ ചില സംസ്ഥാനങ്ങളിൽ ഇതൊരു വലിയ പ്രശ്നമാണ്. വെള്ളം ഒഴുക്കിവിടാനുള്ള ചാലുകളുണ്ടാക്കുക, ജലസേചനത്തോടുക ളിൽനിന്നു് വെള്ളം പാടത്തേക്ക കടക്കാതെ തോടിന്റെ കരകഠംക്ക കല്ലുപാകുക എന്നിവയാണ് ഇതിനകം നടപ്പാക്കിയിട്ടുള്ള പരിപാടികഠം.

മൂന്നാം പദ്ധതിയിൽ വെള്ളപ്പൊക്കം തടയാനും നീർച്ചാലുകഠം പണിയാനും മററുമായി 61കോടി രൂപാ നീക്കിവെച്ചിരിക്കുന്നു.

6

ജലഗതാഗതം

നൂററാണ്ടുകഠംക്ക മുൻപുതന്നെ ജലഗതാഗതം നമ്മുടെ നാട്ടിൽ അഭിവൃദ്ധിപ്പെട്ടിരുന്നു. ഗംഗാനദിയിൽക്കൂടി ഉത്തർ പ്രദേശത്തിലെ ഗുരുമുക്തേശ്വരംവരെ കപ്പലുകഠം പോവുക സാധാരണമായിരുന്നു. കാൺപൂർ ഒരു തുറമുഖംപോലെ കാണപ്പെട്ടിരുന്നത്രേ. കേരളം തുടങ്ങിയ ചില ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ദൂരയാത്രകഠംക്ക് ജലമാർഗ്ഗമുള്ള ഗതാഗതമാണ് സ്വീകരിക്കപ്പെട്ടിരുന്നതു്. കരവാഹനങ്ങഠം, പ്രത്യേകിച്ചും തീവണ്ടി, വന്നതോടെ ജലഗതാഗതത്തിന്റെ പ്രാധാന്യം പല സ്ഥലങ്ങളിലും കുറഞ്ഞു. എന്നാൽ ഇന്നും നമ്മുടെ ഗതാഗതപ്രശ്നം തീർത്തു പരിഹരിക്കണമെങ്കിൽ ജലഗതാഗത സൗകര്യം വർദ്ധിപ്പിക്കേണ്ടതാവശ്യമാണ്. ഏററവും കുറഞ്ഞ ചിലവിൽ സൗകര്യപ്രദമായി സാധനങ്ങഠം കൊണ്ടുപോകാൻ ഇതിനേക്കാഠം നല്ലൊരുപാധിയില്ല.

നമ്മുടെ നദീതടപദ്ധതികഠം മിക്കവയും നിർമ്മിച്ചിട്ടുള്ളതു് ജലഗതാഗതം അഭിവൃദ്ധിപ്പെടുത്താൻ ഉതകുന്ന രീതിയിലാണ്. റാണിഗഞ്ചു് കല്ക്കരിഖനിപ്രദേശത്തെ ഹൂഗ്ലിയോടു ഘടിപ്പിക്കത്തക്കവിധമാണ് ദാമോദർവാലി പദ്ധതിയിലെ തോടു നിർമ്മിച്ചിട്ടുള്ളതു്. കക്രപാർ പ

ദ്ധതി, സൂറത്ത്മുതൽ അണക്കെട്ടുവരെയും അവിടെനിന്നു 50മൈൽ ഉള്ളിലേയ്ക്കും ജലഗതാഗതസൗകര്യം നല്കുത്തക്ക വിധം പണിചെയ്യപ്പെട്ടിട്ടുള്ളതാണ്. ഹിറാക്കുഡ് പദ്ധതി മുഖേന മഹാനദിയിലൂടെ 300മൈൽ ഗതാഗതസൗകര്യം ലഭിച്ചിട്ടുണ്ട്. ഗംഗാബറാജ് കനാൽ കല്ക്കത്താതുറമുഖത്തെ ബീഹാർ ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ പല നഗരങ്ങളുമായി ഘടിപ്പിക്കുന്നു. ഗംഗയും മഹാനദിയും നർമ്മദയും തമ്മിലും നർമ്മദയും തപ്തിയും തമ്മിലും ബന്ധിപ്പിയ്ക്കാനുള്ള പരിപാടികളും നടപ്പാക്കുന്നതാണ്. ഈ പദ്ധതികളെല്ലാം പൂർത്തിയാകുന്നതോടെ ഇന്ത്യയിലെ ജലഗതാഗത സൗകര്യം വളരെയധികം വർദ്ധിയ്ക്കും.

6

നമുക്കെങ്ങിനെ സഹകരിക്കാം

മുൻപറഞ്ഞ പരിപാടികളെല്ലാം നടപ്പാക്കണമെങ്കിൽ ജനങ്ങളുടെ ആത്മാർത്ഥമായ സഹകരണം കൂടിയേ പററൂ. നമ്മുടെ നന്മയ്ക്കുവേണ്ടിയുള്ള പദ്ധതികൾ ഏററവും കാര്യക്ഷമമായും ഏററവും കുറഞ്ഞ ചിലവിലും നടപ്പാക്കാൻ

സഹായിക്കേണ്ടതു് അവയിൽനിന്നുള്ള ഫലമനുഭവിക്കുന്ന നമ്മുടെ കടമയാണല്ലോ.

ഇന്നു് ജലസേചനപരിപാടികൾക്കും വിദ്യുച്ഛക്തിയുല്പാദന പരിപാടികൾക്കും മുൻകാലത്തെക്കാളെല്ലാം കൂടുതൽ നിർമ്മാണച്ചിലവുവരും. സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വിലയിലുണ്ടായിട്ടുള്ള വർദ്ധനവാണ് കാരണം. പൂർത്തിയാകുന്ന പരിപാടികളുടെ നടത്തിപ്പുചിലവും മുമ്പത്തെക്കാളൊക്കെ കൂടുതലാണ്. വമ്പിച്ച തുക മുടക്കി പണി ചെയ്യുന്ന ഒരു ജലസേചനപദ്ധതി അനേകലക്ഷമേക്കർ സ്ഥലത്തിനു പ്രയോജനപ്പെടുമ്പോൾ ചിലപ്പോൾ ഒരു പങ്കു് ഉന്നമനനികുതിയായി ഈടാക്കുന്നതു് ന്യായം മാത്രമാണ്. ജലസേചനസൗകര്യം ലഭിക്കുന്നതോടെ ഭൂമിയിൽനിന്നുള്ള ആദായം വർദ്ധിക്കുകയും ഭൂമിക്കു വിലകൂടുകയും ചെയ്യുന്നതുകൊണ്ടു് ഉന്നമനനികുതി കൊടുക്കാൻ ഭൂവുടമസ്ഥക്ക് ബുദ്ധിമുട്ടു വരേണ്ടതില്ല. ഇങ്ങിനെ കിട്ടുന്ന നികുതി, കൂടുതൽ ജലസേചന സൗകര്യങ്ങൾ നിർമ്മിക്കാനും അങ്ങിനെ കൂടുതലാളുകൾക്കു് പ്രയോജനപ്പെടാനുമാണു് വിനിയോഗിക്കുന്നതെന്നു് ഓർമ്മിക്കണം. ചെറുകിട ജലസേചന പരിപാടികൾകൊണ്ടു് ഗുണം സിദ്ധിക്കുന്നവർ അവയുടെ അററകുററങ്ങൾ പോക്കുന്നതിൽ ഉത്തരവാദിത്വം വഹിക്കേണ്ടതുമാവശ്യമാണ്. അവ ഉപയോഗശൂന്യമായിപ്പോയാൽ നഷ്ടം വരുന്നതും അവക്കുതന്നെയാണല്ലോ.

തോടുകൾ വെട്ടാനുള്ള ചുമതല കൺട്രാക്ടർമാരെ ഏല്പിക്കുന്നതു് നഷ്ടമാണ്. നാട്ടുകാർതന്നെ തൊഴിൽ സഹകരണ സംഘങ്ങൾ രൂപീകരിച്ചു് അത്തരം പണികൾ ഏറെറടുത്തു നടത്തിയാൽ ദുർവ്യയം കുറയുമെന്നു മാത്രമല്ല കാര്യക്ഷമത വർദ്ധിക്കുകയും ചെയ്യും. പൊതുകാര്യത്തിനുവേണ്ടി സഹകരിച്ചു പ്രവർത്തിക്കാനുള്ള മനോഭാവം ജനങ്ങളിൽ വളർത്താനും ഇത്തരം പ്രവർത്തനങ്ങൾ പ്രയോജനപ്പെടും.

വെള്ളപ്പൊക്കം തടയാനും വെള്ളം കെട്ടിക്കിടക്കുന്നതു് ചാലുകൾ വെട്ടി ഒഴുക്കിവിടാനും മററും സങ്കേതികവൈദഗ്ധ്യമുള്ള ജോലിക്കാരുടെ ആവശ്യം വലുതായില്ല. സന്നദ്ധ



സേവനംകൊണ്ട് ഗ്രാമീണക്കൎതന്നെ ചെയ്യാവുന്ന പണികളാണവ.

ജനങ്ങൾ സഹകരിച്ചാൽ എന്തു നേടാമെന്നുള്ളതിനു് മതിയായ തെളിവാണു് കോശിപദ്ധതി. വെള്ളപ്പൊക്കം നിയന്ത്രിക്കാനുള്ള ഒരു വൻകിട പദ്ധതിയാണതു്. ഇതിന്റെ പ്രവൎത്തനത്തിൽ നാട്ടുകാരുടെ സ്തുത്യൎഹമായ സഹകരണമുണ്ടായി. നദിയുടെ കരകൾ മണ്ണും കല്ലുമിട്ടു് ഉയൎത്തുവാൻവേണ്ടി സന്നദ്ധസേവനം നിൎവ്വഹിച്ചതിനു പുറമെ ഭൂമിയും സാധനസാമഗ്രികളും അവർ സംഭാവന നല്കി. ഏതാനും മാസത്തിനുള്ളിൽ ആദ്യമുദ്ദേശിച്ചിരുന്നതിനെക്കാൾ കുറഞ്ഞ ചിലവിൽ 16മൈൽ കരകെട്ടുവാൻ സാധിച്ചു.

ഉത്തർപ്രദേശിലെ ഗ്രാമങ്ങളുടെ നിലനിരപ്പുയൎത്താനും

ബീഹാർ, ആസ്സാം തുടങ്ങിയ സ്ഥലങ്ങളിൽ നദിക്കരകൾ കെട്ടിപ്പൊക്കാനും പഞ്ചാബിൽ തോടുകൾ പണിയാനും മററും ജനങ്ങൾ സന്നദ്ധസേവനം നിർവ്വഹിക്കുകയുണ്ടായി.

ജലസേചനപദ്ധതികളിൽനിന്നും മററു പരിപാടികളിൽനിന്നുമുള്ള പ്രയോജനങ്ങൾ പൂർണ്ണമായി ലഭിക്കണമെങ്കിൽ ശാസ്ത്രീയാടിസ്ഥാനത്തിൽ കൃഷിചെയ്യാൻ കർഷകർ തയ്യാറാകുകകൂടിവേണം. അതിനു വേണ്ട സൗകര്യങ്ങൾ സാമൂഹ്യപദ്ധതിമുഖേനയും മററും ഗവമ്മെണ്ടു് ചെയ്തുകൊടുക്കുന്നുണ്ടു്. പച്ചിലവളമുണ്ടാക്കുക, പല വിളവുകൾ മാറി മാറി കൃഷിചെയ്യുക, നല്ല വിത്തും വളവുമുപയോഗിക്കുക എന്നുതുടങ്ങി പലതും കർഷകർ ശ്രദ്ധിക്കേണ്ടതാവശ്യമാണു്. കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിലൂടെ മാത്രമേ രാജ്യത്തിനു് പുരോഗതി കൈവരുത്താൻ കഴിയൂ.

പുതുതായുണ്ടാകുന്ന ജലസേചനസൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ കർഷകർ ജാഗ്രൂകരായിരിക്കണം. സ്വന്തം പാടത്തേയ്ക്കു തോടുവെട്ടി വെള്ളം കൊണ്ടുപോകാൻ കർഷകർ അമാന്തിച്ചാൽ നദീതടപദ്ധതികൾകൊണ്ടുള്ള പ്രയോജനം ലഭിക്കാതെപോകും. പദ്ധതികൾക്കു മുടക്കുന്ന സംഖ്യ നിഷ്പ്രയോജനമായി കിടക്കുമെന്നുമാത്രമല്ല ലക്ഷ്യത്തിനൊപ്പിച്ചു് കാർഷികോല്പാദനം വികസിപ്പിക്കാനും കഴിയില്ല. അഭിവൃദ്ധിപ്പെടാൻ വെമ്പൽകൊള്ളുന്ന ഒരു ജനത ഇത്തരം അലസതകൾക്കു വിധേയരായിക്കൂടാ. പുതുതായുണ്ടാകുന്ന സൗകര്യങ്ങൾ അങ്ങേഅററം ഉപയോഗിക്കുകയും കൂടുതൽ കൂടുതൽ സൗകര്യങ്ങൾ സൃഷ്ടിക്കാൻ മുൻകയ്യെടുത്തു പ്രവർത്തിക്കുകയുംചെയ്താൽ നാം ലക്ഷ്യത്തിലേക്കു് അതിവേഗം അടുക്കുകതന്നെചെയ്യും.

മനുഷ്യൻ മനുഷ്യസമുദായത്തിൻെറ നന്മയ്ക്കുവേണ്ടി അധ്വാനിക്കുന്ന ഈ മാതിരി കേന്ദ്രങ്ങളാണു് എന്നെ സംബന്ധിച്ചിടത്തോളം ഇന്നത്തെ ക്ഷേത്രവും ഗുരുദ്വാരയും പള്ളിയും. ഈ ഭക്രാനംഗലിൽ ലക്ഷക്കണക്കിനാളുകൾ അധ്വാനിക്കുകയും വിയർപ്പും രക്തവും ചിന്തുകയും ജീവൻ ബലികഴിക്കുകതന്നെയും ചെയ്തു. ഏതുസ്ഥലമാണു് ഇതിനെക്കാൾ മഹത്തരം? ഇതിനേക്കാൾ സമുന്നതമോ വിശുദ്ധമോ ആയി ഏതു സ്ഥലമാണുള്ളതു്?

ജവഹർലാൽ നെഹ്റു

(1954 ജൂലായ് മാസത്തിൽ
നംഗൽകനാൽ ഉൽഘാടനം
ചെയ്തുകൊണ്ടുള്ള പ്രസംഗത്തിൽ)

THE PUBLICATIONS DIVISION
MINISTRY OF INFORMATION & BROADCASTING
GOVERNMENT OF INDIA, DELHI-6